

# തണൽ മരങ്ങൾ

SHADE TREES

*Thanal Marangal* (Malayalam)

| | | |
|---|---|---|
| Published by | : | Extension and Training Division,<br>Kerala Forest Research Institute,<br>Peechi, Thrissur - 680653<br>Phone: 0487 2690336 |
| First Edition | : | 1000 Copies, March 2014 |
| Citation | : | M. Amruth, A. V. Raghu, K. Mohanadas (2014) |
| Cover art | : | Ajaykumar K. Calicut University |
| Designing & Printing | : | Printisign, Kozhikode |

Published as a part of the project titled "Preparing brochures on forestry aspects" (KFRI Ext. 264/2012)

KFRI

**കേരള വനഗവേഷണ സ്ഥാപനം**

(കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സ്ഥാപനം)

പീച്ചി, തൃശ്ശൂർ - 680 653, ഫോൺ: 0487 2690100, ഫാക്സ് : 0487 2690111

director@kfri.org www.kfri.res.in

₹ 10

# മരങ്ങൾ:
# തണലിനും അലങ്കാരത്തിനും

തണൽ മരങ്ങൾ നട്ടു വളർത്തുന്നതിൽ ദീർഘകാല പാരമ്പര്യമുള്ള ദേശമാണ് ഇന്ത്യ. ഇതിനോടൊപ്പം തന്നെ നഗരങ്ങളിലെ ഹരിതവൽക്കരണത്തിനും ഉദ്യാന നിർമ്മാണ കലയ്ക്കും സമ്പന്നമായ പാരമ്പര്യം ഇവിടെയുണ്ട്. ഇരുവശത്തും ഇലച്ചാർത്ത് വിരിച്ചു നിന്നിരുന്ന നടക്കാവുകൾ കേരളത്തിലെ മിക്ക നഗരങ്ങളിലും ഇന്ന് നാമമാത്രമായിക്കഴിഞ്ഞിരിക്കുന്നു. വേനൽച്ചൂടിന്റെ രൂക്ഷത ഒരു പരിധി വരെ കുറയ്ക്കുന്നതിനും ശുദ്ധ വായുവും മനസികോല്ലാസവും ഉറപ്പു വരുത്തുവാനും ഹരിതവൽക്കരണത്തിലൂടെ സാധിക്കും. പാതയോരത്തും പൊതു സ്ഥലങ്ങളിലും വീട്ടുമുറ്റത്തും നട്ടുവളർത്തുവാൻ അനുയോജ്യമായ ഏതാനും വൃക്ഷങ്ങളെ പരിചയപ്പെടുത്തുക എന്നതാണ് ഈ ലഘുലേഖയിലൂടെ ലക്ഷ്യമാക്കുന്നത്.

ഏഴു മാസത്തോളം നീണ്ടു നിൽക്കുന്ന വളർച്ചാ കാലം ഉറപ്പു തരുന്ന ആർദ്ര ഉഷ്ണമേഖലാ മൺസൂൺ കാലാവസ്ഥ കേരളത്തിൽ മരങ്ങളുടെ വളർച്ചയ്ക്കനുകൂലമായ സാഹചര്യം നൽകുന്നു. എന്നാൽ തുടർന്നു വരുന്ന അഞ്ചുമാസത്തോളം നീണ്ട വേനൽക്കാലം തരണം ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കും ഒരു വൃക്ഷത്തിന്റെ അതിജീവനമെന്നത്. ഇതിനുപുറമെ ഒട്ടനവധി അസന്നിഗ്ദ്ധതകളെ അതിജീവിച്ചു വേണം ഒരു കൊച്ചു തൈ മഹാവൃക്ഷമായി വളരാൻ. അൽപ്പം ശ്രദ്ധയും ആസൂത്രണവും കൊണ്ട് വൃക്ഷത്തൈകളുടെ അതിജീവന തോത് ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിക്കും. അത്തരത്തിലുള്ള ചില മുൻകരുതൽ താഴെ കൊടുക്കുന്നു.

**കാലാവസ്ഥയും ഇനവും തമ്മിലുള്ള പൊരുത്തം:** നടാൻ പോകുന്ന സ്പീഷീസ് / ഇനം നടുന്ന പ്രദേശത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമാണെന്ന് ഉറപ്പു വരുത്തുക. ഇതിനായി വനഗവേഷണ കേന്ദ്രത്തിലെ ഹെൽപ് ഡസ്ക്, വനസസ്യ നേഴ്സറി, സിൽവികൾച്ചർ വിഭാഗം, വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം, കാർഷിക സർവ്വകലാശാലയിലെ ഫോറസ്ട്രി കോളേജ് എന്നിവിടങ്ങളിൽ ബന്ധപ്പെടുക.

**തൈകളുടെ പ്രായം:** ഒന്നോ രണ്ടോ വർഷം പ്രായമായ, വേരുപിടിപ്പിച്ച തൈകളാണ് നടാൻ അനുയോജ്യം. പെട്ടെന്ന് തണൽ ലഭിക്കാൻ ഇത് സഹായകരമാണ്. രണ്ടു വർഷത്തിലധികം പഴക്കമുള്ള തൈകൾ, പ്രത്യേകിച്ചും വേരുകൾ കൂടയിൽ തിങ്ങി വളഞ്ഞു പോയവ ഒഴിവാക്കുന്നതാണ് നല്ലത്.

KFRI

**തയ്യാറെടുപ്പ്:** നടീൽ സമയത്തിനു മൂന്നോ നാലോ മാസം മുമ്പു തന്നെ സ്ഥാനം നിർണ്ണയിക്കുകയും കുഴികൾ തയ്യാറാക്കാനും നിറയ്ക്കാനുമുള്ള സംവിധാനം ഒരുക്കുകയും ചെയ്യുന്നത് ദുർചിലവുകൾ ഒഴിവാക്കാനും മൺസൂൺ മഴ കാര്യക്ഷമമായി ഉപയോഗപ്പെടുത്താനും സഹായിക്കും. മഴ ദിവസങ്ങളോ വെയിലില്ലാത്ത ദിവസങ്ങളോ നടാനായി തിരഞ്ഞെടുക്കുക.

മരങ്ങളുടെ വലുപ്പവും ഇലച്ചാർത്തിന്റെ സ്വഭാവവും പരിഗണിച്ച് വളരെ അടുത്തും വളരെ അകലെയുമല്ലാതെ വേണം കുഴികൾ തമ്മിലുള്ള അകലം തീരുമാനിക്കാൻ.

**കന്നുകാലികളിൽ നിന്നുള്ള സംരക്ഷണം:** കന്നുകാലികളിൽ നിന്നും വൃക്ഷതൈകളെ സംരക്ഷിക്കാൻ ആവശ്യമായ ചിലവു കുറഞ്ഞ സംരക്ഷണ മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്. പ്രാദേശികമായി കുറഞ്ഞ ചിലവിൽ ലഭ്യമായ വസ്തുക്കളും (ഉദാ. മുള, ഈറ്റ എന്നിവ അല്ലെങ്കിൽ ഇഷ്ടിക) ലഭ്യമായ കഴിവുകളും (മുള-ഈറ്റ പണിക്കാർ) ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കുക

**വൈദ്യുത കമ്പികളിൽ നിന്നുമുള്ള അകലം:** വൈദ്യുത കമ്പികൾക്ക് പരിസരത്തോ അതിനടിയിലോ ആയി മരങ്ങൾ നടാതിരിക്കുക.

**പാത വികസനത്തെ പറ്റിയുള്ള അന്വേഷണം:** മരത്തൈകൾ നടുമ്പോൾ ഭാവിയിൽ പാത വികസനത്തിന്റെ ഭാഗമായി നഷ്ടപ്പെടാനിടയുള്ള സ്ഥാനങ്ങളെ ഒഴിവാക്കുക.

**പ്രാദേശിക പിന്തുണ:** പ്രാദേശികമായി പ്രവർത്തിക്കുന്ന യൂത്ത് ക്ലബുകൾ, മറ്റു കൂട്ടായ്മകൾ എന്നിവയുടെ പിന്തുണ പദ്ധതിക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കുക.



## അടക്കാപ്പയിൻ

## *Vatica chinensis*
Dipterocarpaceae


ഇരുപത്തഞ്ച് മീറ്റർ വരെ ഉയരത്തിൽ വളരുന്ന തദ്ദേശീയ നിത്യ ഹരിത വൃക്ഷം. പശ്ചിമ ഘട്ടത്തിലെ നിത്യഹരിത വനങ്ങളിൽ കാണപ്പെടുന്നു. ബട്രസ് വേരുകളോടു കൂടിയ താഴ്ത്തടി; തൊലി ഇളം ചാരനിറം; നിബിഡമായ ഇലച്ചാർത്തുള്ള പന്തലിച്ചു വളരുന്ന വിതാനം എന്നിവ ഈ മരത്തിന്റെ പ്രത്യേകതയാണ്. മാർച്ച് മേയ് മാസങ്ങളിൽ പൂവിടുന്നു, കായകൾ ജൂൺ മാസമാകുമ്പോൾ കാണപ്പെടുന്നു.



## ആൽ, പേരാൽ
Banyan Tree

## *Ficus benghalensis*
Moraceae

ഇന്ത്യയുടെ ദേശീയ വൃക്ഷമായ ഇതിന് Indian Banyan എന്നും പേരുണ്ട്. അതിവേഗം വളരുന്ന ഈ വന്മരം 30 മീറ്ററിലധികം ഉയരം വയ്ക്കുന്നു. താങ്ങു വേരുകളുടെ സഹായത്തോടെ വളരെ വിസ്താരത്തിൽ പടർന്നു വളരാൻ കഴിവുണ്ട്. പേരാലിനു ചില മതങ്ങൾ വിശുദ്ധി കൽപിച്ചുവരുന്നതിനാൽ പുരാതന കാലം മുതൽതന്നെ ഇന്ത്യയിൽ വ്യാപകമായി പാതയോര വൃക്ഷമായും തണൽ മരമായും നട്ടു വളർത്തി വരുന്നു. പഴങ്ങൾ ഉരുണ്ടതും ചുവപ്പ് നിറമുള്ളതുമാണ്. കായ്ക്കുന്നത് പലപ്പോഴും പക്ഷി മൃഗാദികളുടെ പഞ്ഞമാസങ്ങളിലായതിനാൽ പാരിസ്ഥിതികമായി വളരെ പ്രാധാന്യമർഹിക്കുന്നു. ഇക്കാരണത്താൽത്തന്നെ പക്ഷികളെയും ചെറു സസ്തനികളെയും ആകർഷിക്കാനായി വളർത്താം. ഇലകൾ കട്ടിയുള്ളതും മൂന്നു ഞരമ്പുകളുള്ളതുമാണ്. ഇളം പ്രായത്തിൽ ഇവയുടെ രണ്ടു വശവും രോമങ്ങൾ കാണപ്പെടുന്നു. വേരു പിടിച്ചു കഴിഞ്ഞാൽ വരണ്ട സാഹചര്യങ്ങളിലും നന്നായി വളരും. ഉദ്യാനങ്ങളിലും പാതയോരങ്ങളിലും നട്ടു വളർത്തുവാൻ അനുയോജ്യം.



KFRI

## അരയാൽ, ബോധിവൃക്ഷം
Peepal Tree

## *Ficus religiosa*
Moraceae



അമ്പലങ്ങളിലും പരിസരപ്രദേശങ്ങളിലും നട്ടുവളർത്തുന്ന അരയാൽ പ്രകൃത്യാ ഹിമാലയ പ്രദേശങ്ങളിൽ കണ്ടുവരുന്ന വൃക്ഷമാണ്. കുറഞ്ഞ തോതിൽ ഇലപൊഴിക്കുന്ന വൃക്ഷമായ അരയാൽ 30 മീറ്റർ വരെ ഉയരവും, ശാഖകൾ 3 മീറ്റർ വരെ വ്യാസവും വെയ്ക്കുന്നതായി കണ്ടുവരുന്നു. ഹൃദയാകൃതിയിൽ കാണപ്പെടുന്ന ഇലകൾ തളിർ കാലങ്ങളിൽ വയലറ്റ് നിറമാണ്. താങ്ങുവേരുകൾ പ്രധാന തടിയോടു ചേർന്ന് വളരുന്നു. നല്ല തണൽ വൃക്ഷമായതിനാൽ ഇന്ത്യയിൽ വിവിധ പ്രദേശങ്ങളിൽ നട്ടുപിടിപ്പിച്ചു വരുന്നു.

KFRI

## ഉങ്ങ്, പൊങ്ങം

## *Pongamia pinnata*
Leguminosae



ഇരുപത് മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ ചെറുവൃക്ഷം നിബിഡവും വിശാലവും ഇരുണ്ട പച്ചനിറമുള്ള ഇലച്ചാർത്തുള്ളതും വേഗത്തിൽ വളരുന്നതുമായ ഒരു നല്ല തണൽ വൃക്ഷമാണ്. ഉദ്യാനങ്ങളിലും നടപ്പാതയോരങ്ങളിലും സാധാരണയായി നട്ടുവളർത്തുന്നു. തൊലി മിനുസമുള്ളതും ചാരനിറമുള്ള തവിട്ടു നിറത്തോട് കൂടിയതുമാണ്. മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കുലകളായി പൂവിടുന്ന ഈ മരത്തിന്റെ തായ് വേരുകളും പാർശ്വവേരുകളും നന്നായി പടർന്നു വളരുന്നവയാകയാൽ വേനലിനെ അതിജീവിക്കാനുള്ള കഴിവുണ്ട്.

## മണിമരുത്, പൂമരുത്

## *Lagerstroemia speciosa*
Lythraceae



ഇന്ത്യയുടെ അഭിമാനം എന്നർത്ഥം വരുന്ന Pride of India എന്ന പേരുണ്ട്. നിത്യ ഹരിത അർദ്ധ-നിത്യ ഹരിത വനങ്ങളിലും ആറ്റുതീരങ്ങളിലും സ്വാഭാവികമായി കാണപ്പെടുന്ന ഇടത്തരം വലുപ്പമുള്ള (ഉയരം 20 മീറ്റർ വരെ) ഈ ഇലകൊഴിക്കും വൃക്ഷം, പൂമരം എന്ന നിലയിൽ വ്യാപകമായി പാതയോരത്തും ഉദ്യാനങ്ങളിലും വളർത്തി വരുന്നു. ഇത് ഒരു പക്ഷെ ഏറ്റവും ധാരാളിത്തത്തോടെ പുഷ്പിക്കുന്ന വേനൽക്കാല ഉദ്യാന വൃക്ഷങ്ങളിലൊന്നാണ്. ഊത അല്ലെങ്കിൽ നിലലോഹിത വർണ്ണത്തിലുള്ള പുഷ്പങ്ങൾ ശാഖാഗ്രത്തിലുള്ള പൂങ്കുലകളിൽ ധാരാളമായി ഉണ്ടാകുന്നു. ദളങ്ങൾ ചുളിഞ്ഞതും നേരിയതുമായ തുണികളാൽ നിർമ്മിതമാണോ എന്ന് തോന്നിപ്പിക്കുന്നതിനാലാണ് Queen Crape Myrtle എന്ന ഇംഗ്ലീഷ് പേര്. ഇടത്തരം വലുപ്പമുള്ള വൃക്ഷമെങ്കിലും കൂടെക്കൂടെ കോതിയൊതുക്കിക്കൊണ്ട് ഒരു ചെറു വൃക്ഷമായി നിലനിർത്താൻ സാധിക്കും എന്നതിനാൽ ഉദ്യാനങ്ങൾക്കും നടപ്പാതകൾക്കും അനുയോജ്യം.

## പാരിജാതം

## *Citharexylum spinosum*
Verbenaceae

Fiddlewood Tree, Spiny Fiddle wood എന്നീ പേരുകളുമുണ്ട്. നിറയെ പൂക്കളുണ്ടാകുന്ന ഈ ചെറുമരം (13 മീറ്റർ വരെ ഉയരം) നിത്യഹരിതമാണ്.



അമേരിക്കൻ ഉഷ്ണ മേഖലാ വനങ്ങളിലെ സ്വദേശിയായ ഈ വൃക്ഷം, പൂമരം എന്ന നിലയിൽ വ്യാപകമായി വീട്ടുവളപ്പുകളിലും ഉദ്യാനങ്ങളിലും വളർത്തി വരുന്നു. വളരെ ധാരാളിത്തത്തോടെ പുഷ്പിക്കുന്ന ഇതിന്റെ പുഷ്പങ്ങൾ ശാഖാഗ്രത്തിലുള്ള പൂങ്കുലകളിൽ ഉണ്ടാകുന്നു. പൂക്കൾ വെളുത്ത നിറമുള്ളവയും സുഗന്ധമുള്ളവയുമാണ്. ഏപ്രിൽ-സെപ്റ്റംബർ മാസങ്ങളിലാണ് പൂവിട്ടു കായ്ക്കുന്നത്. ഇലച്ചാർത്ത് തിളക്കമുള്ള ഇരുണ്ട പച്ച നിറത്തോടുകൂടിയതാണ്. ഇത് വീട്ടുമുറ്റങ്ങളിലെ ഉദ്യാനങ്ങളിൽ വളർത്തുവാൻ വളരെ അനുയോജ്യമാണ്. വ്യത്യസ്ഥങ്ങളായ മൺതരങ്ങളിലും പാരിസ്ഥിതിക സാഹചര്യങ്ങളിലും നന്നായി വളരുന്നു. ഓര് മണ്ണിലും നന്നായി വളരുന്നതിനാൽ തീരദേശങ്ങളിൽ വളർത്താൻ അനുയോജ്യമാണ്.

KFRI

## ഗുൽമോഹർ, മെയ്ഫ്ളവർ

## *Delonix regia*
Leguminosae



ഈ മരത്തിനു ഇംഗ്ലീഷിൽ Flame Tree, Royal Poinciana എന്നീ പേരുകളുമുണ്ട്. മഡഗാസ്കർ സ്വദേശിയെങ്കിലും ഉഷ്ണമേഖലാ പ്രദേശത്തു പരക്കെ തണലിനായും അലങ്കാരത്തിനായും നട്ടു വളർത്തി വരുന്നു. ഏറ്റവും നിറപ്പകിട്ടോടെ പൂവിടുന്ന മരങ്ങളിലൊന്നാണിത്. പ്രകടമായ വേനൽക്കാലം ഉള്ള പ്രദേശങ്ങളിൽ ഈ മരം ഉഷ്ണ കാലത്ത് പൂർണ്ണമായി ഇല കൊഴിക്കുകയും നിറയെ പൂവിടുകയും ചെയ്യുന്നു. 10 മുതൽ 15 മീറ്റർ വരെ മാത്രം ഉയരം വെയ്ക്കുന്ന ഗുൽമോഹർ ഒരു ചെറുമരമായിട്ടാണ് പരിഗണിക്കപ്പെടുന്നതെങ്കിലും സാഹചര്യങ്ങൾ അനുകൂലമെങ്കിൽ ഇടത്തരം വൃക്ഷമായി വളരുന്നു. പൂർണ്ണമായി ഇലകൊഴിച്ചു കടുംചുവപ്പ് നിറമുള്ള വലിയ പുഷ്പങ്ങൾ കുലകളായി ഉണ്ടാകുന്നതിനാൽ പൂക്കാലത്ത് വർണശബളമായ കാഴ്ചയാണ്. പാതയോരങ്ങളിലും ഉദ്യാനങ്ങളിലും തണലിനായും അലങ്കാരത്തിനായും നട്ടുവളർത്താം.

## കണിക്കൊന്ന

## *Cassia fistula*
Leguminosae



ഇംഗ്ലീഷിൽ Amaltas, Indian laburnum, Golden Shower. 10 മീറ്റർ വരെ മാത്രം ഉയരം വെയ്ക്കുന്ന ഇലകൊഴിക്കും വൃക്ഷമാണിത്. കേരളത്തിന്റെ ഔദ്യോഗിക പുഷ്പമായ കണിക്കൊന്ന വിഷുക്കണിക്ക് ഉപയോഗിക്കുന്നു. ഫെബ്രുവരി-മെയ് മാസങ്ങളിൽ ഇതു പൂവിടുമ്പോൾ ഇലകൾ മിക്കവാറും മുഴുവനായിത്തന്നെ കൊഴിഞ്ഞിട്ടുണ്ടാവും. അപൂർവ്വമായി മറ്റു മാസങ്ങളിലും പൂവിടുന്നതായിക്കണ്ടിട്ടുണ്ട്. തിളങ്ങുന്ന മഞ്ഞ നിറമുള്ള പൂക്കളുള്ള കുലകൾ പെട്ടെന്ന് ശ്രദ്ധയാകർഷിക്കുന്നവയാണ്. ഈ ചെറുമരം വീട്ടുമുറ്റങ്ങൾക്കും പൊതു ഉദ്യാനങ്ങൾക്കും ഉത്തമമായ തണൽമരമാണ്.

## റോയൽ പാം


## *Roystonea regia*
Palmae



ഇരുപത് മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ വലിയ പന അതിന്റെ തായ്ത്തടിയുടെ ആകൃതി വിശേഷം കൊണ്ട് ഒരു അലങ്കാര പനയെന്ന രീതിയിൽ വളരെ ജനസമ്മതി നേടിയിട്ടുണ്ട്. സ്ഥൂലമായ തായ്ത്തടി മിനുസമുള്ളതും ചാരനിറമുള്ളതുമാണ്. തായ്തടിയുടെ കീഴ്ഭാഗവും മേൽഭാഗവും വണ്ണമുള്ളതും നടുഭാഗം താരതമ്യേന വണ്ണം കുറഞ്ഞതുമാണ്. വരിയായി നട്ടു വളർത്തുമ്പോൾ ഈ ആകൃതി വിശേഷം ഉദ്യാനങ്ങൾക്കും നടപ്പാതകൾക്കും നാടകീയമായ ദൃശ്യഭംഗി സമ്മാനിക്കുന്നു.

## അശോകം

## *Saraca asoca*
Leguminosae



ഇംഗ്ലീഷിൽ Sita Ashoka, Sorrowless Tree. 10 മീറ്റർ വരെ മാത്രം ഉയരം വെയ്ക്കുന്ന ഒരു നിത്യ ഹരിത വൃക്ഷം. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തദ്ദേശീയ സസ്യമാണ്. നിബിഡമായ ഇലച്ചാർത്തും തീക്ഷ്ണമായ ചുവപ്പ് നിറത്തിൽ നിറയെ ആകർഷകമായ പൂങ്കുലകളും ഈ ചെറുമരത്തെ വീട്ടു മുറ്റങ്ങളിലെയും, പൊതു വിശ്രമസ്ഥലങ്ങളിലെയും ഉദ്യാനങ്ങൾക്കും പാതയോരത്തേക്കും, ഉത്തമമായ തണൽ മരമാക്കുന്നു. ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെയാണ് പൂക്കാലം.

## ആര്യവേപ്പ്, വേപ്പ് *Azadirachta indica*
Indian Lilac, Neem — Meliaceae



ഇന്ത്യയിലെ താരതമ്യേന വരണ്ട പ്രദേശങ്ങളിൽ നന്നായി വളരുന്ന ഈ നിത്യഹരിത വൃക്ഷം 20 മീറ്റർ വരെ ഉയരം വെയ്ക്കുന്നതും അതിവേഗം വളരുന്നതും അതീവ ഔഷധ പ്രാധാന്യമുള്ളതുമാണ്. തണൽ, ഉയർന്ന ആർദ്രത, ദീർഘമായ മഴക്കാലം എന്നിവ മരത്തിന്റെ വളർച്ചയ്ക്കനുകൂലമല്ല. സമൃദ്ധവും വിശാലവുമായ മേലാപ്പുള്ള ഈ മരം കേരളത്തിലെ താരതമ്യേന വരണ്ട പ്രദേശങ്ങൾക്ക് (ഉദാ: പാലക്കാട് സമതല പ്രദേശങ്ങൾ, അട്ടപ്പാടി താഴ്വര) അനുയോജ്യമായ തണൽ മരമാണ്.

## ചീലാന്തി, പൂവരശ്, പൂപ്പരുത്തി *Thespesia populnea*
Malvaceae

പതിനഞ്ച് മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ ചെറു വൃക്ഷം തീരപ്രദേശങ്ങളിലും താരതമ്യേന വരൾച്ചയുള്ള പ്രദേശങ്ങളിലും വളരും. ഈ നിത്യഹരിത വൃക്ഷം ചെറിയ ഉദ്യാനങ്ങൾക്ക് അനുയോജ്യമാണ്. തൊലി ഇരുണ്ട നിറം. ഇലകൾ ഹൃദയാകൃതിയുള്ളതും നിബിഡമായ ഇലച്ചാർത്തോടെ പന്തലിച്ചു വളരുന്നതുമാണ്.



മാർച്ച് ജൂൺ മാസങ്ങളിൽ പൂവിടുന്ന ഈ മരത്തിന്റെ പൂവുകൾ ചെമ്പരത്തിയുടെതുപോലെ കുമ്പിളാകൃതിയുള്ളതും മഞ്ഞനിറം ഉള്ളതുമാണ്. ആപ്പിൾ ആകൃതിയുള്ള കായകൾ ജൂൺ മാസമാകുമ്പോൾ മൂപ്പെത്തുന്നു.

## മഹാഗണി, മന്താഗണി

***Swietenia macrophylla***
Meliaceae



നാൽപത്തഞ്ച് മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ വൻമരം നല്ല ഇലച്ചാർത്ത് ഉള്ളതും വളരാൻ ധാരാളം സ്ഥലം ആവശ്യമായതുമായ നിത്യഹരിത വൃക്ഷമാണ്. നമ്മുടെ നാട്ടിൽ പാതയോരങ്ങളിൽ തണലിനായും വനത്തോട്ടങ്ങളിൽ ബലമേറിയ തടിക്കായും നട്ടുവളർത്തിയിരുന്ന ഈ മരം മധ്യ അമേരിക്കയിൽ നിത്യ ഹരിത വനങ്ങളിൽ കണ്ടു വരുന്നു. ഇരുണ്ട നിറമുള്ള പരുക്കൻ തൊലി പ്രായമായ മരത്തിൽ പരുപരുത്തതും ചെതുമ്പൽ പോലെ ഇളകി വരുന്നതുമാണ്. ഏപ്രിൽ മുതൽ മാർച്ച് വരെയാണ് പൂവിടുക.

## ഡിവിഡിവി

***Caesalpinia coriaria***
Leguminosae



മദ്ധ്യ അമേരിക്കൻ സ്വദേശിയായ ഈ കൊച്ചു മരം കേരളത്തിലെ പൊതു ഉദ്യാനങ്ങളിൽ സർവ്വസാധാരണമാണ്. 10-15 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ ചെറു വൃക്ഷത്തിന്റെ ഇലച്ചാർത്ത് കുടയുടെ/മകുടത്തിന്റെ ആകൃതിയിലാണ്. ഇലയുടെ മേലാപ്പിനു കീഴെ പാകത്തിന് ഉയരത്തിൽ നല്ല തണൽ സ്ഥലം ലഭിക്കുന്നതിനാൽ ഉദ്യാനങ്ങളിലും വീട്ടുമുറ്റത്തും, വഴിയോരങ്ങളിലും, ചെറിയ ബസ് സ്റ്റോപ്പുകളിലും നട്ടുവളർത്താൻ അനുയോജ്യമാണ്. ചെറിയ സംയുക്ത ഇലകളാണ് ഡിവിഡിവിയുടേത്. ഉഷ്ണകാലത്ത് ശാഖാഗ്രത്തിലുണ്ടാകുന്ന പൂങ്കുലകളിൽ മഞ്ഞ നിറത്തിലുള്ള പൂക്കൾ ഉണ്ടാകുന്നു. പൂക്കൾ വളരെ ശ്രദ്ധയാകർഷിക്കുന്ന രീതിയിൽ ധാരാളമായി ഉണ്ടാകുക പതിവില്ല. കടുത്ത വേനലിനെ അതിജീവിക്കാനുള്ള കഴിവ് ഈ വൃക്ഷത്തിനുണ്ട്.

## കൊടുക്കാപ്പുളി


***Pithecellobium dulce***
Leguminosae



ഇംഗ്ലീഷിൽ Madras Thorn, Sweet Tamarind എന്നീ പേരുകളിൽ അറിയപ്പെടുന്ന ഈ മരവും മദ്ധ്യ അമേരിക്കൻ സ്വദേശിയാണ്. വരൾച്ചയെ ചെറുത്തു കൊണ്ട് നിത്യഹരിതമായ ഇലച്ചാർത്ത് ഉറപ്പാക്കാൻ അനുയോജ്യമായ ചെറുവൃക്ഷം. 10-15 മീറ്റർ വരെ ഉയരത്തിൽ വളരുന്നു. ഉദ്യാനങ്ങളിലും വീട്ടുമുറ്റത്തും, വഴിയോരങ്ങളിലും, ചെറിയ ബസ് സ്റ്റോപ്പുകളിലും നട്ടു വളർത്താൻ അനുയോജ്യമാണ്. ഇലകളോടു ചേർന്ന് മുള്ളുകൾ ഉണ്ട്. പൂങ്കുലകളിൽ പച്ച-മഞ്ഞ നിറത്തിലുള്ള പൂക്കൾ ഉണ്ടാകുന്നു. പൂക്കൾ വളരെ ശ്രദ്ധയാകർഷിക്കുന്ന രീതിയിൽ ധാരാളമായി ഉണ്ടാകുക പതിവില്ല.

## മഴമരം, ഉറക്കംതൂങ്ങിമരം

***Albizia saman***
Leguminosae



ഇംഗ്ലീഷിൽ Monkey Pod, Rain Tree എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഈ മരവും മദ്ധ്യ അമേരിക്കൻ സ്വദേശിയാണ്. വന്മരമായി വളരുന്ന ഇതിന് ഇതിനകം തന്നെ കേരളത്തിലും മറ്റു ഉഷ്ണ മേഖലാ പ്രദേശങ്ങളിലും ഒരു തണൽ-അലങ്കാര വൃക്ഷം എന്ന രീതിയിൽ വലിയ പ്രചാരമുണ്ട്. 25 മീറ്ററോ അതിലധികമോ വരെ ഉയരം വയ്ക്കാറുണ്ട്. നിത്യഹരിതമായ ഇലച്ചാർത്തുള്ള ഈ മരത്തിന്റെ കാനോപ്പി നിവർത്തിയ വലിയ കുടയെ അനുസ്മരിപ്പിക്കുന്നതും വിശാലവുമാണ്. അതിനാൽ റോഡുകളുടെ ഓരങ്ങളിൽ രണ്ടു വശത്തും നിരയായി നട്ടുവളർത്തിയാൽ ഇടമുറിയാത്ത തണൽ ഉറപ്പാക്കാൻ സാധിക്കും. ഏപ്രിൽ മെയ് മാസങ്ങളിൽ പിങ്ക് വർണ്ണത്തിലുള്ള പൂക്കൾ ഉണ്ടാകുന്നു. ഇലകൾ മഴയ്ക്ക് മുന്നോടിയായി കൂമ്പുന്നതിനാലാവാം മഴമരം എന്ന പേര് സിദ്ധിച്ചത്.

## ഈട്ടി, ഇരുവിൽ, സീസാം
**Sissoo, Indian Dalbergia**

## *Dalbergia sissoo*
Leguminosae



നമ്മുടെ നാട്ടിലെ ഈട്ടി മരത്തിന്റെ വടക്കെ ഇന്ത്യൻ ചാർച്ചക്കാരനാണ്. 25 മീറ്റർ വരെ ഉയരത്തിൽ വളരാവുന്ന ഈ മരം പക്ഷെ ഒരു ചെറുമരമായിട്ടാണ് സാധാരണയായി കാണപ്പെടുന്നത്. ഇലച്ചാർത്ത് കട്ടി കുറഞ്ഞതും ഇല കൊഴിയുന്നതുമാണ്. വർഷത്തിലുടനീളമുണ്ടാവുന്ന ചെറിയ വെളുത്ത പുഷ്പങ്ങൾ സുഗന്ധമുള്ളവയാണ്. ആഴത്തിലുള്ള തായ്‌വേരുകളും സമൃദ്ധമായ പാർശ്വവേരുകളും ഉള്ളതിനാൽ പൊതുവേ വരൾച്ചയെ അതിജീവിക്കാൻ കെൽപ്പുണ്ട്. വടക്കെ ഇന്ത്യൻ സാഹചര്യങ്ങളിൽ നന്നായി വളരുന്ന ഈ മരം കേരളത്തിലെ കാലാവസ്ഥയിലും നന്നായി വളരുന്നു. വിത്തുകളിൽ നിന്നും വേരുകളിൽ നിന്നുള്ള പൊടിപ്പുകളിൽ നിന്നുമായി തൈകൾ ഉണ്ടാകുന്നു. പാതയോരങ്ങളിലും ഉദ്യാനങ്ങളിലും തണലിനായി നട്ടുവളർത്താറുണ്ട്.

## രുദ്രാക്ഷം
**Utrasumbead Tree**

## *Elaeocarpus sphaericus*
Elaeocarpaceae

നിത്യഹരിത വൃക്ഷങ്ങളായ രുദ്രാക്ഷം സാഹചര്യങ്ങൾ അനുകൂലമെങ്കിൽ 30 മീറ്റർ വരെ ഉയരമുള്ള വലിയ മരമായി വളരുന്നു. നല്ല ഇലച്ചാർത്തുള്ളതിനാൽ തണൽ മരങ്ങളായി വളർത്താറുണ്ട്. ഡിസംബർ മുതൽ മാർച്ച് വരെയാണ് പൂക്കാലം.



## Badminton Ball Tree, African Locust Tree

## *Parkia biglandulosa*
Leguminosae



പൊതുവെ നല്ല ഉയരത്തിൽ വളരുന്ന ഈ മരം ഒറ്റനോട്ടത്തിൽ ഇലയുടെയും ഇലചാർത്തിന്റെയും സാമ്യം കൊണ്ട് ഗുൽമോഹർ ആണെന്ന് തോന്നിച്ചേക്കാം. എന്നാൽ ഒക്ടോബർ മുതൽ മേയ് മാസം വരെയുള്ള പൂക്കാലത്ത് ഇവയിൽ ഗുൽമോഹറിൽ നിന്നും വ്യത്യസ്തമായി പന്തുപോലെ തോന്നിപ്പിക്കുന്ന പൂങ്കുലകളിൽ വെളുത്ത നിറത്തിലുള്ള പൂക്കൾ വിരിയുന്നു. വേനലിനെ അതിജീവിക്കാനുള്ള കഴിവുള്ളതിനാൽ പാതയോരങ്ങളിൽ തണലിനായി നട്ടുവളർത്താൻ അനുയോജ്യം.

## ചെമ്പകങ്ങൾ

## *Plumeria spp.*
Apocynaceae





പൂക്കളുടെ നിറവ്യത്യാസമനുസരിച്ച് ഈഴ ചെമ്പകം, വെള്ള ചെമ്പകം എന്നീ പേരുകളിൽ അറിയപ്പെടുന്ന ഈ ചെറു മരങ്ങൾ സുഗന്ധമുള്ള പൂക്കൾ ഉണ്ടാകുന്നതിനാൽ അലങ്കാര ചെടികൾ എന്ന നിലയിലും, ചെറിയ ഇടവേളകളിൽ ഇല കൊഴിക്കുമെങ്കിലും തണൽമരമായും നട്ടുവളർത്തുന്നു. ഇംഗ്ലീഷിൽ Calachuchi, Frangipani, Temple Tree, Pagoda Tree എന്നെല്ലാം അറിയപ്പെടുന്നു. നീണ്ട കട്ടിയുള്ള ഇലകളാണ്, നവംബർ മുതൽ ജൂൺ വരെയുള്ള കാലത്താണ് പുഷ്പിക്കുന്നത്. 10 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഇവയെ ചെറുമരമെന്നോ, വളർച്ച മുറ്റിയ വലിയ കുറ്റിച്ചെടിയെന്നോ കണക്കാക്കാവുന്നതാണ്. രണ്ടിനം ചെമ്പകങ്ങൾ കേരളത്തിൽ നടുന്നതിനായി പരിഗണിക്കാം.

*Plumeria obtusa* അഥവാ വെള്ള ചെമ്പകം (പൂക്കൾ പൂർണ്ണമായി വെള്ളനിറം); *Plumeria rubra* അഥവാ അലരി / ഈഴച്ചെമ്പകം (പൂക്കൾ ദലങ്ങളുടെ അരുകുകളിൽ വെണ്ണ നിറമോ പിങ്കോ, മധ്യത്തിൽ മഞ്ഞ).

## അരണമരം, ചെറുന്ന — *Polyalthia longifolia*

False Ashok, Mast Tree

Annonaceae



മുപ്പതു മീറ്റർ വരെ ഉയരത്തിൽ വളരുന്ന സ്തൂപികാഗ്രിത മരം. ഇലകൾ തിളങ്ങുന്ന കടുംപച്ച നിറം. മരത്തിന്റെ ചെറുശാഖകൾ പ്രധാന തടിയുടെ വശങ്ങളിലായി താഴേക്കു തൂങ്ങിക്കിടക്കുന്ന രീതിയിൽ വളരുന്നതിനാൽ പൊതുവേ വിസ്താരം കുറഞ്ഞ് അറ്റം കൂർത്ത സ്തൂപാകൃതിയിലാണ് ഈ മരത്തിന്റെ രൂപം. അതിനാൽ തന്നെ അതിരിൽ നിരനിരയായി അടുപ്പിച്ചു നട്ട് പുരയിടങ്ങൾക്ക് മറയുണ്ടാക്കാനും അലങ്കാരാവശ്യത്തിനായും ഉദ്യാനങ്ങൾക്ക് ദൃശ്യഭംഗി ചെയ്യുന്നതിനും ഈ മരം വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. മാർച്ച് മുതൽ ഓഗസ്റ്റ് വരെയാണ് പൂക്കാലം. നേരിയ പച്ച നിറമുള്ള നക്ഷത്രാകൃതിയുള്ള വെളുത്ത പൂവുകൾ കുലകളിലായി ഉണ്ടാകുന്നു. പൂക്കൾ ശ്രദ്ധയാകർഷിക്കത്തക്ക നിറപ്പകിട്ടുള്ളവയല്ല.

## ചാരക്കൊന്ന — *Peltophorum pterocarpum*

Leguminosae



ഇംഗ്ലീഷിൽ Copper Pod Tree, Golden Flamboyante, Rustry Shield Bearer, Yellow Gulmohar, Yellow Flame Tree എന്നറിയപ്പെടുന്ന ഇവ 15-25 മീറ്റർ വരെ ഉയരം വെയ്ക്കുന്നു. വർഷത്തിൽ മിക്ക മാസങ്ങളിലും കണ്ണഞ്ചിക്കുന്ന മഞ്ഞ നിറമുള്ള പൂക്കൾ ശിഖരാഗ്രങ്ങളിലുള്ള പൂങ്കുലകളിൽ സമൃദ്ധമായി ഉണ്ടാകുന്നതിനാൽ Yellow Flame Tree എന്നു പേരു കിട്ടി. തൊട്ടാവാടിയുടേതിനെ അനുസ്മരിപ്പിക്കും വിധത്തിലുള്ള സംയുക്ത ഇലകൾ തിങ്ങിയ ഇലച്ചാർത്ത് ഒരു തണൽ മരമെന്ന രീതിയിൽ ഇതിനെ ജനപ്രിയമാക്കുന്നു. പൂക്കാലത്തെ തുടർന്നു കുലകളായിക്കാണപ്പെടുന്ന ചെമ്പൻ നിറമുള്ള കായ്കൾ (Copper pods) മരത്തിന് സവിശേഷമായ ആകർഷകത്വം നൽകുന്നു. പാതയോരങ്ങളിലും രാജവീഥികളിലും ഗുൽമോഹർ മരങ്ങളുമായി ഇടവിട്ട് നട്ടുവളർത്തിയാൽ ആകർഷകത്വം വർദ്ധിപ്പിക്കാം.

## വാളൻ പുളിമരം
Tamarind Tree, Indian Date

## *Tamarindus indica*
Leguminosae



ആഫ്രിക്കൻ സ്വദേശിയെങ്കിലും നൂറ്റാണ്ടുകളായി പ്രചാരത്തിലുള്ളതിനാൽ ഇന്ത്യയിൽ സർവ്വ സാധാരണമായ പാതയോര വൃക്ഷം. കായ അഥവാ പഴം, പുളിയായി ഇന്ത്യൻ പാചകത്തിന്റെ അവിഭാജ്യ ഘടകമായി മാറിക്കഴിഞ്ഞിരിക്കുന്നു. വേനലിനെ അതിജീവിക്കുന്നതിനാലും നല്ല നിത്യഹരിതമായ ഇലച്ചാർത്തുള്ളതിനാലും ഒരു തണൽമരമെന്ന നിലയ്ക്കു കൂടി പ്രസിദ്ധം. പാതയോരങ്ങളിൽ നടാൻ പണ്ടുമുതലേ തിരഞ്ഞെടുത്തിരുന്നു. കായ പാകമായാൽ അത് ശേഖരിച്ചു സംസ്കരിച്ചു വില്ക്കുന്നതിലൂടെ പ്രാദേശികമായി തൊഴിൽ/ വരുമാനം പ്രദാനം ചെയ്യുമെന്ന ഗുണം കൂടിയുണ്ട്.

## കനകചമ്പ

## *Pterospermum acerifolium*
Sterculiaceae



കനകചമ്പ, മുചുകുന്ദ് എന്ന് ഹിന്ദിയിലും വെന്നാങ്ക് എന്ന് തമിഴിലും പേരുള്ള ഈ മരത്തിനു കൃത്യമായ മലയാളം പേരില്ല.

പതിനഞ്ച് മുതൽ 25 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ ചെറു വൃക്ഷത്തിന്റെ ഇലകൾ വലുതും ഇടതൂർന്നു വളരുന്നതുമാകയാൽ തണലിനായി ഉദ്യാനങ്ങളിലും നടപ്പാതയോരങ്ങളിലും നട്ടുവളർത്തുന്നു. തൊലി ചാരനിറമുള്ള തവിട്ടു നിറം; മാർച്ച് മുതൽ ഡിസംബർ വരെ നിറയെ പൂവിടുന്ന ഈ മരത്തിന്റെ പൂവുകൾ വെളുത്ത നിറമുള്ളതും വാസനയുള്ളതുമാണ്. പല സംസ്ഥാനങ്ങളിലും ഈ മരത്തിന്റെ ഇലകൾ തുന്നിച്ചേർത്തു ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റ് നിർമ്മിക്കാറുണ്ട്.

## പേർഷ്യൻ ലൈലാക്ക്

*Melia azedarach*
Meliaceae



ഇംഗ്ലീഷിൽ പേർഷ്യൻ ലൈലാക്ക് എന്ന് പേരുള്ള ഈ വൃക്ഷം, ഹിന്ദിയിൽ ബാക്കൈൻ എന്നും തമിഴിൽ കാട്ടുവേപ്പ് എന്നും അറിയപ്പെടുന്നു. ഈ മരത്തിനു കൃത്യമായ മലയാളം പേരില്ല.

ഇരുപത് മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ ചെറു വൃക്ഷത്തിന്റെ ഇലകൾ ആകൃതിയിൽ വേപ്പ് മരത്തിന്റെ ഇലകളെ പോലെയാണ്. ഉദ്യാനങ്ങളിലും നടപ്പാതയോരങ്ങളിലും നട്ടുവളർത്തുന്നു. തൊലി ചാരനിറമുള്ള തവിട്ടു നിറം. പ്രായമായ മരത്തിൽ തൊലി പരുപരുത്തതും നെടുകെ വരകളോടു കൂടിയതുമാണ്; മേയ് മുതൽ ഡിസംബർ വരെ നിറയെ കുലകളായി പൂവിടുന്ന ഈ മരത്തിന്റെ പൂവുകൾ നീലലോഹിത വർണ്ണമാണ്.

## Coral Shower Tree

*Cassia grandis*
Leguminosae



മദ്ധ്യ അമേരിക്കൻ സ്വദേശിയായ ഈ കൊച്ചുമരം പരക്കെ ഉദ്യാനമരമായും തണൽ വൃക്ഷമായും വളർത്തി വരുന്നു. കേരളത്തിലെ പൊതു ഉദ്യാനങ്ങളിൽ ഇവ സർവ്വ സാധാരണമായിക്കഴിഞ്ഞു. 10-15 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ ചെറു വൃക്ഷത്തിന്റെ ഇലകൾ ഡിവി ഡിവിയുടേതു പോലെ സംയുക്ത പത്രങ്ങളാണ്. മേലാപ്പിന് കീഴെ നല്ല തണൽ ലഭിക്കുന്നതിലാൽ ഉദ്യാനങ്ങളിലും വീട്ടു മുറ്റത്തും വഴിയോരങ്ങളിലും ചെറിയ ബസ് സ്റ്റോപ്പുകളിലും നട്ടുവളർത്താൻ അനുയോജ്യമാണ്. ഏപ്രിൽ - മെയ് മാസങ്ങളിൽ പൂവിടുന്നു. പൂക്കൾ ഊതപാടല വർണ്ണങ്ങളിൽ കാണപ്പെടുന്നു. വേനലിനെ അതിജീവിക്കാനുള്ള കഴിവുണ്ട്.

## തണ്ണീർക്കൈമരം

***Spathodea campanulata***
Bignoniaceae



ഇംഗ്ലീഷിൽ Fountain Tree, African Tulip Tree എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഏറ്റവും ദൃശ്യഭംഗിയുള്ള പൂമരങ്ങളിലൊന്നാണിത്. ആഫ്രിക്കയിലെ ഉഷ്ണമേഖലാ വനങ്ങളിലാണിവ സ്വാഭാവികമായി കണ്ടുവരുന്നതെങ്കിലും കേരളത്തിലും മറ്റു ഉഷ്ണ മേഖലാ പ്രദേശങ്ങളിലും ഒരു തണൽ-അലങ്കാര വൃക്ഷം എന്ന രീതിയിൽ വ്യാപകമായ പ്രചാരമുണ്ട്. 20 മുതൽ 25 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഇതിന്റെ തടി മിനുസമുള്ളതും ഇളം ചാര-തവിട്ടു നിറമുള്ളതുമാണ്. നിത്യഹരിതമായ ഇലചാർത്തുള്ളതിനാൽ പൂമരമെന്നതിനൊപ്പം ഒരു തണൽ മരമെന്ന നിലയിലും ഈ വൃക്ഷം സ്വീകരിക്കപ്പെടുന്നുണ്ട്. കാപ്പിത്തോട്ടങ്ങളിൽ തണൽ മരമായി നടാറുണ്ട്. നവംബർ മുതൽ മെയ് വരെയുള്ള കാലത്താണ് പൂവിടുന്നത്. തീഷ്ണമായ ചുവപ്പു നിറമുള്ളതും കുമ്പിൾ ആകൃതിയുള്ളതുമായ പൂങ്കുലകൾ മരത്തിനെ വളരെ ദൂരെ വച്ചുതന്നെ തിരിച്ചറിയാൻ സഹായിക്കുന്നു. ഉദ്യാനങ്ങളിലും പാതയോരങ്ങളിലും നട്ടു വളർത്തുവാൻ അനുയോജ്യം.

KFRI

## ട്രീ ഹെൽത്ത് ഹെൽപ് ലെയിൻ

വെള്ളം, മണ്ണ്, മരങ്ങൾ, വനങ്ങൾ, പ്രകൃതി, കാലാവസ്ഥ എന്നിവയിലെല്ലാമുള്ള നിങ്ങളുടെ സംശയങ്ങളും, ആശങ്കകളും, കെ.എഫ്.ആർ.ഐ.യുമായി പങ്കുവയ്ക്കാം......

ഒരോ പ്രദേശത്തിനും അനുയോജ്യമായ മരങ്ങൾ, മരങ്ങളുടെ നടീൽ ക്രമം, വൃക്ഷ തോട്ടങ്ങളുടെ (പ്ലാന്റേഷൻ) നിർമാണം, മണ്ണ് പരിശോധന, വളം ചെയ്യൽ, രോഗ - കീട - കളകളുടെ നിയന്ത്രണം, മരത്തടി സംരക്ഷണം, വനനിർമാണം - പരിപാലനം, തുടങ്ങിയ പരിസ്ഥിതി സംബന്ധിയായ എല്ലാ സംശയങ്ങൾക്കും കെ.എഫ്.ആർ.ഐ യെ സമീപിക്കാവുന്നതാണ്. കെ.എഫ്.ആർ.ഐയിലെ വിദഗ്ദ്ധരുടെ സേവനം നിങ്ങൾക്കു സ്വീകരിക്കാവുന്നതാണ്.

**ഈ സൗജന്യ സേവനത്തിനായി വിളിക്കേണ്ട നമ്പർ:**

**0487 2690 222**



Extension & Training Centre

# കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി

കേരള ശാസ്ത്ര സാങ്കേതി കൗൺസിലിന്റെ കീഴിൽ വരുന്ന കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ.) വനസംരക്ഷണം, ജൈവ ആവാസ വ്യവസ്ഥകളുടെ നിലനിൽപ്, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയ പഠനത്തിന് നിയുക്തമായ ഗവേഷണ സ്ഥാപനമാണ്.

ഉഷ്ണമേഖല വനങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും വനത്തെ സുസ്ഥിരമായ സമൂഹത്തിന് ഉപയുക്തമാക്കാനും കെ.എഫ്. ആർ.ഐയിൽ വിവിധ ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു.

വിവിധ മരങ്ങളുടെ തൈകൾ ലഭ്യമാവുന്ന ഫോറസ്റ്റ് നഴ്സറി, വിത്തുകൾ ലഭ്യമാവുന്ന ഫോറസ്റ്റ് സീഡ് സെന്റർ, വ്യത്യസ്ത പനകളുടെ ശേഖരണമായ പാമെറ്റം. മരങ്ങളുടെ ശേഖരണമായ ആർബോറിറ്റം, ശലഭ ഉദ്യാനം, മ്യൂസിയം തുടങ്ങിയ നിരവധി വിജ്ഞാന പ്രദമായ വിഭാഗങ്ങൾ കെ.എഫ്.ആർ.ഐ. പീച്ചി ആസ്ഥാനത്ത് സാധാരണക്കാർക്കായി ഒരുക്കിയിട്ട്.

കെ.എഫ്.ആർ.ഐക്ക് മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ലോക പ്രശസ്ത തേക്ക് മ്യൂസിയം, ബയോറിസോഴ്സ് നേച്ചർ പാർക്ക്, ഗവേഷണ വിഭാഗം എന്നിവയും തൃശ്ശൂർ വേലൂപ്പാടത്ത് വ്യത്യസ്ത മുളകളുടെ ശേഖരവും (ബാംബൂസെറ്റം) അനുബന്ധ ഗവേഷണ വിഭാഗവും ഉണ്ട്. വന തോട്ട നിർമാണം, പരിസ്ഥിതി ആഘാത പഠനം, ഗ്രീൻ ബെൽറ്റുകളുടെ നിർമാണം, വനസംബന്ധമായ വ്യവസായിക സംരംഭങ്ങളുടെ വികസനം എന്നിങ്ങനെ വനവിഭവങ്ങളുടെ വികസന-വിനിയോഗ മേഖലകളിൽ വിദഗ്ധോപദേശങ്ങളും നിർദ്ദേശങ്ങളും കെ.എഫ്.ആർ.ഐ. നൽകുന്നു. മേന്മയേറിയ വൃക്ഷതൈകളും നടീൽ, പരിപാലനം എന്നിവയ്ക്കു വേണ്ട എല്ലാ സഹായങ്ങളും ഈ വനഗവേഷണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്നതാണ്.

KFRI


# കേരള വനഗവേഷണ സ്ഥാപനം

(കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സ്ഥാപനം)

പീച്ചി, തൃശ്ശൂർ – 680 653,

ഫോൺ: 0487 2690100, ഫാക്സ് : 0487 2690111

E:director@kfri.org www.kfri.res.in